"ഭരണഭാഷ-
മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിലേക്ക് stop gap arrangement ആയി കെ.എസ്.&എസ്,എസ്.ആർ. ഭാഗം II ചട്ടം 31 (a)(i) പ്രകാരം താത്കാലിക സ്ഥാനക്കയറ്റം അനുവദിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.191/2022/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി, 25.01.2022**

---

പരാമർശം: ഗ്രാമവികസന കമ്മീഷണറുടെ 22.10.2021, 10.12.2021, 07.01.2022 തീയതികളിലെ 3390/ എസ്റ്റാ.ബി.1/2021/ സി.ആർ.ഡി. നമ്പർ കത്തുകൾ .

**<u>ഉത്തരവ്</u>**

ഗ്രാമവികസന വകുപ്പിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ നേരിട്ടുള്ള നിയമനത്തിനും ബൈ ട്രാൻസ്ഫർ മുഖേനയുള്ള നിയമനത്തിനും പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിലെ ഒഴിവുകൾ stopgap arrangement വഴി നികത്തുന്നതിനുള്ള അനുമതി നൽകണമെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശം പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ നേരിട്ടുള്ള നിയമനത്തിനും ബൈ ട്രാൻസ്ഫർ മുഖേനയുള്ള നിയമനത്തിനും നിലവിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് ഇല്ലാത്തതിനാൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയിലെ ഒഴിവുകൾ അടിയന്തരമായി നികത്തേണ്ടതുണ്ട്. നേരിട്ടുള്ള/ബൈട്രാൻസ്ഫർ നിയമന ശുപാർശ പി.എസ്.സി.-യിൽ നിന്ന് ലഭ്യമാകുന്ന മുറയ്ക്ക് റിവർട്ട് ചെയ്യേണ്ടതാണ്, അഥവാ നേരിട്ടുള്ള നിയമനത്തിന് കാലതാമസമുണ്ടാകുന്ന പക്ഷം ജോയിന്റ് ബി.ഡി.ഒ. / ഹെഡ് ക്ലർക്ക്/ജൂനിയർ സൂപ്രണ്ട് തസ്തികകൾക്കായി മാറ്റിവച്ചിട്ടുള്ള തസ്തികകൾ പുനഃക്രമീകരിച്ച് നേരിട്ടുള്ള നിയമനത്തിനായി മാറ്റിവയ്ക്കേണ്ടതാണ് എന്ന നിബന്ധനയിലും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികകളിൽ ഫീഡർ കാറ്റഗറിയിൽ നിന്നും stop gap arrangement ആയി KS&SSR part II Rule 31 (a)(i) പ്രകാരം നിലവിലുള്ള ഒഴിവുകളിലേക്ക് താത്കാലിക സ്ഥാനക്കയറ്റം അനുവദിക്കുന്നതിന് ഗ്രാമവികസന കമ്മീഷണർക്ക് അനുമതി നൽകികൊണ്ട് ഉത്തരവാകുന്നു. ഇപ്രകാരമുള്ള പ്രൊമോഷന് ബിരുദ യോഗ്യതയുള്ളവരും അച്ചടക്ക നടപടികളൊന്നും നിലവിലില്ലാത്തവരും സീനിയോറിറ്റി

ലിസ്റ്റിൽ ഉൾപ്പെട്ടവരുമായ ജോയിന്റ് ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ/ജൂനിയർ സൂപ്രണ്ട്/ഹെഡ് ക്ലാർക്ക് തസ്തികയിലുള്ളവരെ പരിഗണിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**പ്രീത കെ.എസ്.**
**ജോയിന്റ് സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
അക്കൌണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ